## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 310    23.01.2018 - ൽ മറുപടിയ്ക്ക്**

**<u>നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് യൂണിറ്റ്</u>**

| ചോദ്യം<br>ശ്രീ.കെ.ആൻസലൻ : | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |
|---|---|---|
| (എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ അനുവദിച്ച കാരുണ്യ ഡയാലിസിസ് യൂണിറ്റിന്റെ എസ്റ്റിമേറ്റ് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ പൂർത്തീകരിച്ചോ ;<br>(ബി) 2018 ജനുവരി മാസത്തിൽ ഡയാലിസിസ് യൂണിറ്റിന്റെ എസ്റ്റിമേറ്റ് പൂർത്തീകരിച്ച് കാരുണ്യ ബെനവലന്റ് ഫണ്ടിനു നൽകാൻ കഴിയുമോ;<br>(സി) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ അംഗീകാരം ലഭിച്ചാൽ എത്ര മാസം കൊണ്ട് പണി പൂർത്തീകരിക്കാൻ കഴിയും; വിശദമാക്കാമോ? | (എ) യും (ബി) യും (സി) യും. | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയ്ക്ക് അനുവദിച്ച കാരുണ്യ ഡയാലിസിസ് യൂണിറ്റിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കേരള ഹെൽത്ത് റിസർച്ച് വെൽഫയർ സൊസൈറ്റിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് ഇതുവരെയും ലഭിച്ചിട്ടില്ല. ആയത് 2018 ജനുവരി മാസത്തിൽ തന്നെ ലഭിച്ച് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും അംഗീകാരവും തുടർ പ്രവർത്തനങ്ങൾക്ക് യഥാസമയം അനുമതിയും ഫണ്ടും ലഭിക്കുകയാണെങ്കിൽ 2018 ഒക്ടോബർ മാസത്തോടെ നവീകരിച്ച ഡയാലിസ് കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ